## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

### തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്ര ഫണ്ടിൽ നിന്നും അനുവദിക്കുന്ന തുക

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1304

14.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | 2012-13 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്ര ഫണ്ടിൽ നിന്നും എത്ര തുക ലഭിച്ചു എന്നും അതിൽ ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ; | (എ) | 2012-13 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി 1,31,117.81 ലക്ഷം രൂപ ലഭിച്ചു. പദ്ധതി പ്രവർത്തനത്തിന് മൊത്തം ലഭ്യമായ 1,43,121.02 ലക്ഷം രൂപയിൽ 1,41,668.6 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം മേഖലകളിലാണ് പുതുതായി പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ; | (ബി) | കേന്ദ്രസർക്കാർ ചുവടെ സൂചിപ്പിക്കുന്ന മേഖലകളിലാണ് പുതുതായി പദ്ധതി നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുള്ളത്.<br><br>1. NADEP കമ്പോസ്റ്റിംഗ്, വെർമി കമ്പോസ്റ്റിംഗ്, ദ്രവ-ജൈവ വളങ്ങൾ ഉത്പാദിപ്പിക്കൽ തുടങ്ങിയ കാർഷിക സംബന്ധമായ പ്രവൃത്തികൾ<br>2. കോഴിക്കൂട് നിർമ്മാണം , ആട്ടിൻകൂട് നിർമ്മാണം, കന്നുകാലികൾക്കുള്ള തൊഴുത്തിന് ഉറപ്പുള്ള തറ/ഗോമൂത്ര സംഭരണി/ പുൽതൊട്ടി എന്നിവയുടെ നിർമ്മാണം, കന്നുകാലികളുടെ പൂരക തീറ്റ ഇനമായ അസോളയുടെ കൃഷി |

| | | | |
|---|---|---|---|
| | | | 3. പൊതുസ്ഥലങ്ങളിൽ വർഷക്കാലത്ത് രൂപപ്പെടുന്ന വെള്ളക്കെട്ടുകളിൽ മത്സ്യകൃഷി<br>4. മത്സ്യം ഉണക്കി സൂക്ഷിക്കുന്ന യാർഡുകളുടെ നിർമ്മാണം, തീരദേശ പ്രദേശങ്ങളെ കടലാക്രമണത്തിൽ നിന്നും സംരക്ഷിക്കുന്ന മരങ്ങൾ കടലോരങ്ങളിൽ നട്ട് വളർത്തൽ<br>5. സോക്ക്പിറ്റ്, റീചാർജ്ജ് പിറ്റ് തുടങ്ങിയ ഗ്രാമീണ കുടിവെള്ള സംരക്ഷണ പ്രവൃത്തികൾ<br>6. വ്യക്തിഗത കക്കൂസ്, സർക്കാർ സ്കൂൾ/ അംഗണവാടികളിൽ ശൗചാലയങ്ങളുടെ നിർമ്മാണം, ഖര-ദ്രവ മാലിന്യ പരിപാലനം തുടങ്ങിയ ശുചിത്വ പ്രവർത്തനങ്ങൾ<br>7. അംഗണവാടികൾ, കളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണം |
| (സി) | തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ വേതന വർദ്ധനവ് എന്നുമുതൽ പ്രാബല്യത്തിൽ വരുത്തും എന്നും ഇതിനായി കേന്ദ്ര ഫണ്ടിൽ കൂടുതൽ തുക അനുവദിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ? | (സി) | 26/02/2013 ലെ S.O.463 (E) പ്രകാരം കേരളത്തിലെ തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ കൂലി 164 രൂപയിൽ നിന്നും 180 രൂപയായി 01.04.2013 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ കൂലി ഇനത്തിലെ മൊത്തം തുകയും കേന്ദ്രഗവൺമെന്റ് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ